"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണവകുപ്പ് - വയനാട് ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.241/2026/DMD തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:- 1. 24.02.2026, 15.05.2026 എന്നീ തീയതികളിലെ വയനാട് ജില്ലാ കളക്ടറുടെ DCWYD/2724/2019-H2 നമ്പർ കത്ത്

**ഉത്തരവ്**

2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ₹.93,68,900/-(തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയുടെ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷകരുടെ വിവരങ്ങൾ, നാശ നഷ്ടത്തിന്റെ തോത്, അർഹതപ്പെട്ട തുക എന്നിവയുടെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി പരാമർശം പ്രകാരം വയനാട് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി 2245-02-113-99 Repair to Damaged Houses എന്ന ശീർഷകത്തിൽ നിന്നും ₹93,68,900/-(തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചു കൊണ്ടു ഉത്തരവാകുന്നു.

(3) മേൽ തുക വയനാട് ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(4) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/216/2025-DMD)

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 05-06-2026 17:48:49**

സെക്ഷൻ ഓഫീസർ